## ബഹുമാനപ്പെട്ട പത്ര-ദൃശ്യ-മാധ്യമ ബ്യൂറോ ചീഫ്മാർക്ക്

## ഡോ. ശോഭാചന്ദ്ര. സി.എസ്., പാറശ്ശാല ചെക്ക്പോസ്റ്റിലെ വെറ്റിനറി സർജൻ ബോധിപ്പിക്കുന്നത്.

ഞാൻ പാറശ്ശാല ചെക്ക്പോസ്റ്റിലെ വെറ്റിനറി സർജൻ ആയി പ്രവർത്തിക്കുന്ന ഡോ. ശോഭാചന്ദ്ര. സി.എസ്. ആണ് (കാച്ചാണി മലമുകളിൽ മണലയം, പനക്കോട് താമസം).

കഴിഞ്ഞ നാലുവർഷമായി ഞാൻ പാറശ്ശാല ചെക്ക്പോസ്റ്റിൽ വെറ്റിനറി സർജൻ ആയി ജോലിചെയ്യുകയാണ്. നാളിതുവരെ എന്റെ പേരിൽ യാതൊരു വിധ സാമ്പത്തിക പ്രശ്നങ്ങളും എന്റെ ജോലിക്കാര്യത്തിൽ ഉണ്ടായിട്ടില്ല. ഞാൻ ജോലിയിൽ കർശനസ്വഭാവം എടുക്കുന്നതിനാൽ എന്നോടൊപ്പം ജോലിയുള്ളവർ തന്നെ എനിക്കെതിരെ വിരോധം ഉണ്ടാകാൻ സാധ്യതയുണ്ട്. എന്റെ ഭർത്താവ് ആയുർവേദ മർമ്മ ടെക്നിഷ്യനാണ്. 20.2.2023 ന് രാത്രി 8.30 ന് ഞാൻ ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിൽ പ്രവേശിച്ചു. എന്റെ ബാഗിൽ എന്റെ ഭർത്താവായ പ്രശാന്ത്.കെ. യുടെ മൊബൈൽഫോൺ കേടായതിനെ തുടർന്ന് മറ്റൊരു മൊബൈൽ ഫോൺ ഇ.എം.ഐ. ആയി വാങ്ങിക്കുന്നതിനുവേണ്ടി 5300/- രൂപ എന്റെ ഭർത്താവ് എന്റെ പക്കൽ ഏൽപ്പിച്ചിരുന്നു. ടി തുക ഞാൻ എന്റെ ബാഗിൽ ഭദ്രമായി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 21 ന് അർദ്ധരാത്രി 2 മണിക്ക് ഒരു സംഘം ആൾക്കാർ എന്റെ ഓഫീസിലേക്ക് കടന്നുവരുകയും ഞങ്ങൾ വിജിലൻസ് ഉദ്യോഗസ്ഥരാണെന്നു പറയുകയും തുടർന്ന് എന്റെ ഓഫീസിലെ മുഴുവൻ റിക്കാർഡുകളും പരിശോധിക്കുകയും ചെയ്തു. എന്റെ ബാഗ് പരിശോധിച്ച അവസരത്തിൽ അതിൽ സൂക്ഷിച്ചിരുന്ന 5300/- രൂപ അവർ എടുത്തു. ഈ തുക കൈക്കൂലിയായി കിട്ടിയതാണോ എന്ന് എന്നോടു ചോദിക്കുകയും ഞാൻ അത് നിഷേധിക്കുകയും ചെയ്തു. എന്റെ ഭർത്താവിന് ഫോൺ വാങ്ങാൻ വച്ചിരിക്കുന്ന രൂപയാണെന്ന് അവരോട് പറയുകയും എന്നാൽ അവർ അത് കേൾക്കാൻ കൂട്ടാക്കിയില്ല. തുടർന്ന് പരിശോധനക്കെത്തിയവർ ഇത് കൈക്കൂലിപ്പണമാണെന്ന് ഉറപ്പിച്ചു പറഞ്ഞ് അവർ എന്തൊക്കെയോ പേപ്പറുകളിൽ ഒപ്പിട്ടുവാങ്ങി മടങ്ങുകയും ചെയ്തിട്ടുള്ളതാണ്. ടി തുക എന്റെ ഭർത്താവും ഞാനും ചേർന്ന് എന്റെ ആഭരണങ്ങൾ പണയം വച്ച് ലഭിച്ച തുകയുടെ ഒരു ഭാഗമാണ്. ആയതിന്റെ രസീതുകൾ എന്റെ പക്കലുണ്ട്. കൂടാതെ ഓഫീസിൽ മുൻപ് പരിശോധന നടത്തി പിടിയിലായ കോഴികളെ ഞാൻ കൈക്കൂലിയായി വാങ്ങിയതാണെന്നും വിജിലൻസ് ഉദ്യോഗസ്ഥർ ആരോപിച്ചു. എന്നാൽ പക്ഷിപ്പനിയെത്തുടർന്ന് സർക്കാർ അതീവജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചതിനെ തുടർന്ന് ചെക്ക്പോസ്റ്റിൽ കോഴികളെ പരിശോധന

നടത്തിവരുകയാണ്.  എന്നാൽ ഞാൻ ടി സംഭവ ദിവസം ഡ്യൂട്ടിയിൽ കയറിയ സമയത്തൊന്നും തന്നെ കോഴികളെ പിടിക്കുകയോ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല എന്നും അറിയിക്കുകയാണ്.  ഇതെല്ലാം ചെയ്തിട്ടുള്ളത് അതത് ഡ്യൂട്ടി സമയത്തുള്ള എന്റെ കീഴുദ്യോഗസ്ഥരാണ്.

ഇക്കാര്യങ്ങൾ നിലവിലിരിക്കെ ഞാൻ കൈക്കൂലി വാങ്ങി എന്നും അനധികൃതമായി കോഴിക്കടത്തിന് കൂട്ടുനിന്നു എന്നും പല ദൃശ്യ മാധ്യമ വാർത്തകളും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്.  ടി സംഭവവുമായി ബന്ധപ്പെട്ട് എന്റെ വിശദീകരണം തേടാതെയാണ് മാധ്യമങ്ങൾ എന്റെ ഫോട്ടോവച്ച് വാർത്തകൾ പ്രക്ഷേപണം ചെയ്യുന്നത്.  എന്റെ പേരിലുള്ള ഈ കള്ള ആരോപണത്തിന്റെ നിജസ്ഥിതി ഞാൻ ആരുടെ മുന്നിലും തെളിയിക്കാവുന്നതാണ്. വാസ്തവം എന്താണെന്നറിയാതെ എന്നെ കുറ്റക്കാരിയാക്കി പ്രക്ഷേപണം ചെയ്യുന്ന വാർത്തകൾ പിൻവലിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.  അതുണ്ടായില്ലെങ്കിൽ ഞാൻ മാധ്യമങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കാൻ ബാധ്യസ്ഥയാകും എന്നുള്ള വിവരം അറിയിക്കുന്നു.

എന്ന്,

തിരുവനന്തപുരം
21.02.2023

**ഡോ. ശോഭാചന്ദ്ര. സി.എസ്.**
മൊബൈൽ നം : **8301028355**